# പള്ളിക്കൂദാശാക്കാലം

## വചന വിചിന്തനം

### പള്ളിക്കൂദാശാക്കാലം - ഒന്നാം ഞായർ

മത്താ 16,13-19

02/11/2014

**"I won't like to give change in all times.**
**But, You must bring the change."**
The great thought said by Mr.J.Rappai, Bus Conductor

കുറച്ച് നാളുകൾക്ക് മുമ്പ് വന്ന s.m.s ആണ് ഇത്. പക്ഷെ, പത്രോസിന്റെ വിശ്വാസപ്രഖ്യാപനത്തോട് ചേർത്ത് ചിന്തിക്കുമ്പോൾ ഇതിന് കൂടുതൽ മാനങ്ങൾ തെളിയുന്നു. ജീവിതത്തിൽ മാറ്റം ആഗ്രഹിക്കുന്ന വ്യക്തികൾ ആത്മഗതം ചെയ്യേണ്ടതും പരസ്പരം ചോദിക്കേണ്ടതുമായ രണ്ട് ചോദ്യങ്ങളാണ് ക്രിസ്തു സമ്മാനിക്കുന്നത്, "ഞാൻ ആരാണെന്നാണ് ജനങ്ങൾ പറയുന്നത്?" "ഞാൻ ആരാണെന്നാണ് നിങ്ങൾ പറയുന്നത്?" ഈ രണ്ട് ചോദ്യങ്ങൾക്ക് ശരിയുത്തരം എഴുതാൻ സാധിക്കുന്നവർ നാശത്തിന്റെ വഴിയിലൂടെ സഞ്ചരിക്കുകയില്ല.

"നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്..." ഈ ഉത്തരം പത്രോസിന് സമ്മാനിച്ചത് ദൈവപിതാവാണ്... കാരണം, സകല അറിവും ദൈവഭക്തിയിൽ നിന്നാണ് ജനിക്കുന്നത്...

മൂന്ന് അന്ധൻമാർ ആനയെ അനുഭവിച്ച സംഭവം നമുക്കറിയാം. കാലിൽ സ്പർശിച്ച അന്ധൻ പറഞ്ഞു, "ആന പനപ്പോലെയാണ്. നല്ല വണ്ണത്തിൽ ഉയരത്തിലുള്ള ഒന്നാണ് ആനയെന്ന്." ചെവിയിൽ സ്പർശിച്ച അന്ധൻ പറഞ്ഞു, "ആന ഒരു വലിയ മുറം പോലെയാണ്. അത് കനംകുറഞ്ഞ് സമചതുരത്തിന്റെ രൂപത്തിലുള്ള ഒന്നാണെന്ന്." ആനയുടെ പുറത്ത് സ്പർശിച്ച അന്ധൻ പറഞ്ഞു, "ആന ഒരു വലിയ പറക്കല്ല് പോലെയാണ്. അത് വളരെ കനവും കട്ടിയും നിറഞ്ഞതാണെന്ന്." പലപ്പോഴും, ക്രിസ്തു എനിക്കാരാണ് എന്ന ചോദ്യത്തിന് ഇതുപോലെയുള്ള വികിലമായ ഉത്തരങ്ങളാണ് നാം സമ്മാനിക്കുന്നത്.

"എന്നെ കുറിച്ച് ജനങ്ങൾ എന്തുപറയുന്നു?" ഈ ചോദ്യത്തിന് ഉത്തരം പറയാൻ മത്സരിക്കുന്ന ശിഷ്യരെയാണ് സുവിശേഷകൻ പരിചയപ്പെടുത്തുന്നത്. കാരണം, ധാരാളം ഉത്തരങ്ങളുണ്ട്. ധാരാളം കേട്ടറിഞ്ഞിട്ടുമുണ്ട്. "ചിലർ പറയുന്നു, സ്നാപക യോഹന്നാൻ എന്നും മറ്റു ചിലർ ഏലിയാ എന്നും വേറെ ചിലർ ജറെമിയ അല്ലെങ്കിൽ പ്രവാചകൻമാരിൽ ഒരുവൻ എന്നും." ഉത്തരം നീളുകയാണ്. ഇവിടെയാണ്, ക്രിസ്തു ഒരു 'മിഡ് ടേം' എക്സാം പോലെ അടുത്ത ചോദ്യം ചോദിക്കുന്നത്. "ഞാൻ ആരാണെന്നാണ് നിങ്ങൾ പറയുന്നത്?" ഇത് കുറെക്കൂടി വ്യക്തിപരമായ ചോദ്യമാണ്. മറ്റുള്ളവർ എന്ത് പറയുന്നു എന്നതിന് വാചാലമായി ഉത്തരം നൽകിയ ശിഷ്യർ മൗനത്തോടെ ശിരസ് കുമ്പിട്ടപ്പോൾ പത്രോസ് മാത്രമാണ് ശരിയുത്തരം നൽകിയത്, "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്." ക്രിസ്തുവിനെ വ്യക്തിപരമായി അനുഭവിച്ചവർക്കു മാത്രമെ ഇത്തരണത്തിലുള്ള ഉത്തരം സമ്മാനിക്കാൻ സാധിക്കൂ. ഇത് പത്രോസ് കണ്ടെത്തിയ ഉത്തരമല്ല. വിവിധ സമയങ്ങളിലും സന്ദർഭങ്ങളിലും പിതാവായ ദൈവവും, പുത്രനായ ക്രിസ്തുവും, ദൈവത്തിന്റെ ഇടപെടൽ മൂലം പരിശുദ്ധാത്മാവ് ശിഷ്യർക്ക് വെളിപ്പെടുത്തിയിട്ടുള്ള ഒന്നാണ് ഇത്.

'പ്രധാന പുരോഹിതന്റെ വിചാരണക്കിടയിൽ ക്രിസ്തു തന്റെ മഹിമയും പ്രതാപവും വെളിപ്പെടുത്തുന്നത് ഇതേ വചനത്തിലൂടെയാണ് (26,63). മാമ്മോദീസ വേളയിൽ പിതാവായ ദൈവം തന്റെ പുത്രനെ വെളിപ്പെടുത്തുന്നത് ഇതിനോട് സദൃശമാണ് (3,7). ക്രിസ്തു തന്നെ സ്വയം വെളിപ്പെടുത്തുന്നതും ഇതിനോട് തുല്ല്യമാണ് (11,27). ശിഷ്യ

രുടെ വിശ്വാസ പ്രഖ്യാപനത്തിലും (14,33) രൂപാന്തരീകരണവേളയിലും (17,14) മുഴങ്ങി ക്കേട്ട സത്യവും ഇത് തന്നെയാണ്. ഈ സത്യം തന്നെയായിരുന്നു പത്രോസിന്റെ വിശ്വാസ പ്രഖ്യാപനവും.

പത്രോസിന് ലഭിച്ച ഉത്തരം എന്തുകൊണ്ടാണ് മറ്റ് ശിഷ്യർക്ക് ലഭിക്കാതിരുന്നത്. ഇതിന്, ഒറ്റ ഉത്തരമെയൊള്ളു. പത്രോസ് മറ്റ് ശിഷ്യൻമാരെക്കാൾ ക്രിസ്തുവിനെ വ്യക്തിപരമായി അനുഭവിച്ചിരുന്നു. അപ്പോൾ, ക്രിസ്തു ആരാണ് എന്ന ചോദ്യത്തിന് വ്യക്തിപരമായ അനുഭവം അത്യന്താപേഷിതാമാണ്. കുറച്ച് നാളുകൾക്ക് മുമ്പ് ഡി.വൈ. എഫ്.വൈ - ക്കാരുടെ 'ക്രിസ്തു മഹാനായ വിപ്ലവകാരി' എന്നൊരു ഫ്ളക്സ് ബോർഡ് കണ്ടിരുന്നു. ശരിയാണ്, ക്രിസ്തു മഹാനായ വിപ്ലവകാരിയായിരുന്നു. പക്ഷെ, സ്നേഹത്തിന്റെ രക്ഷയുടെ വിപ്ലവമായിരുന്നു ക്രിസ്തു നയിച്ചത്. "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്" എന്ന് പത്രോസ് ഏറ്റുപറയുമ്പോൾ "നീ ഞങ്ങൾക്ക് രക്ഷ സമ്മാനിക്കുന്നവനാണ്" എന്നാണ് പത്രോസ് ഏറ്റു പറയുന്നത്. ക്രിസ്തു ദൈവപുത്രനാണ് എന്ന വിശ്വാസമാണ് കാതലായ സത്യം. ക്രിസ്തുവിനെ വിപ്ലവകാരിയായും സാമൂഹിക പരിഷ്കർത്താവായും ധീരനായ പ്രവാചകനായും കമ്മ്യൂണിസ്റ്റുക്കാരനായും അവതരിപ്പിക്കുന്നവരുണ്ട്. എന്നാൽ, ക്രിസ്തു രക്ഷകനാണ്, ജീവനുള്ള ദൈവത്തിന്റെ പുത്രനാണ് എന്ന് തിരിച്ചറിയുന്നവർക്കു മാത്രമെ ക്രിസ്തുവിനോടൊത്ത് വിരുന്നുണ്ണാൻ സാധിക്കു.

*മറ്റുള്ളവരുടെ മഹത്വം കാണാൻ സാധിക്കാത്തവനാണോ ഞാൻ? അങ്ങനെയാണെങ്കിൽ എന്റെ ഹൃദയം വിശുദ്ധമാക്കേണ്ടിയിരിക്കുന്നു. കാരണം, ഹൃദയത്തിന്റെ നിറവിൽ നിന്നാണ് അധരം സംസാരിക്കുന്നത്.*

ഈശോ ആരാണെന്ന് പത്രോസ് ഏറ്റ് പറയുമ്പോൾ പത്രോസ് ആരാണെന്ന് കർത്താവും ഏറ്റ് പറയുകയാണ്, "നീ ഭാഗ്യവാൻ... നീ പത്രോസാണ്. ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും." 'നീ ക്രിസ്തുവാകുന്നു...' എന്ന് ക്രിസ്തുവിനെ പറ്റി പത്രോസ് പറയുമ്പോൾ കർത്താവ് പത്രോസിനെ കുറിച്ച് പറയുന്നു, 'നീ പാറയാകുന്നു...' സഭയാകുന്ന വലിയ കുടുംബത്തിന്റെ അടിസ്ഥാന ശില. ഈ സങ്കൽപ്പം യഹൂദ പാരമ്പര്യത്തിൽ നിന്ന് ഊരിതിരിഞ്ഞ് വന്നിരിക്കുന്നതാണ്. ജറുസലേം ദേവാലയം സ്ഥിതി ചെയ്യുന്നത് ലോകത്തിന്റെ കേന്ദ്രമായ പാറമേലാണെന്നുള്ള ദൃഢമായ വിശ്വാസം യഹൂദർക്കുണ്ടായിരുന്നു. എന്നാൽ, മത്തായി സുവിശേഷകൻ സുവിശേഷമെഴുതപ്പെട്ടപ്പോഴെക്കും തകർക്കപ്പെട്ട് കഴിഞ്ഞിരുന്ന ജറുസലേം ദേവാലയത്തിന് പകരമായി പത്രോസാകുന്ന അടിസ്ഥാന ശിലയിൽ രൂപപ്പെട്ട സഭയെ അവതരിപ്പിക്കുകയാണ് ഇവിടെ. പാറമേൽ പണിയപ്പെട്ട ജറുസലേം ദേവാലയത്തിന് പകരം പത്രോസാകുന്ന പാറമേൽ പണിയപ്പെട്ട സഭയാണ് ശ്രേഷ്ഠമെന്ന് കർത്താവ് പഠിപ്പിക്കുകയാണ്. കാരണം, 1. പത്രോസാകുന്ന പാറമേൽ പണിതീർത്തിരിക്കുന്ന സഭയുടെമേൽ നരക കവാടങ്ങൾ പ്രബലപ്പെടുകയില്ല. 2. സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ അടിസ്ഥാന ശിലയായ പത്രോസിന്റെ കൈകളിലാണ്. 3. കുമ്പസാരത്തിലൂടെ പാപങ്ങൾ ബന്ധിക്കാനും മോചിക്കാനും ഉള്ള ആർജ്ജവത്വം അടിസ്ഥാന ശിലയായ പത്രോസിൽ നിന്നാണ്.

പത്രോസ് മലയിലുയർത്തിയ ദീപം പോലെ നമ്മുടെ മുമ്പിൽ ഉയർന്ന് നിൽക്കുമ്പോൾ ഓർമ്മപ്പെടുത്തുന്നത് ഒന്നുമാത്രമാണ്, "ഈശോയിലുള്ള വിശ്വാസം വ്യക്തിപരമായി അനുഭവിക്കാതെയും ഏറ്റുപറയാതെയും ഈശോയുടെ ദൗത്യത്തിൽ പങ്കുപറ്റാൻ സാധിക്കില്ല" എന്നതാണ്. ഈ വ്യക്തിപരമായ വിശ്വാസം ഞാൻ എന്തുമാത്രം അനുഭവിച്ചുവെന്നും എന്തുമാത്രം ഏറ്റുപറയുന്നുണ്ട് എന്നും ചിന്തിക്കാൻ ഈ രണ്ട് ചോദ്യങ്ങൾ ശ്രഷ്ഠമാണ്. "എന്നെ കുറിച്ച് ജനങ്ങൾ എന്ത് പറയുന്നു?" "എന്നെ കുറിച്ച് നീ എന്ത് പറയുന്നു?" ആൾക്കൂട്ടത്തിനിടയിൽ നിന്ന് ആൾക്കൂട്ടത്തോട് കൂടി ക്രിസ്തു ആരാണ് എന്ന് വിളിച്ച് പറയാൻ എളുപ്പമാണ്. പക്ഷെ, വ്യക്തിപരമായ ചോദ്യത്തിന് "ക്രിസ്തു എനിക്കാരാണ്?" എന്ന ചോദ്യത്തിന്റെ ഉത്തരമാണ് ഒരുവനെ വിശുദ്ധനാക്കുന്നത്. 'സ്വന്തമായൊരു മിശിഹാ അനുഭവം' ഇതാണ് ഇന്നിന്റെ ആവശ്യം. മുത്തുചിപ്പിക്കുള്ളിൽ കയ

റിക്കൂടിയ മണൽതരി പോലെ "ക്രിസ്തു എനിക്കാരാണ്?" എന്ന ചോദ്യം നമ്മളെ എല്ലായ്പ്പോഴും അലോസരപ്പെടുത്തണം. നൊമ്പരങ്ങളുടെ നെരിപ്പോടിൽ നിന്ന് മുത്തുചിപ്പി മനോഹരമായ മുത്തുകളെ സമ്മാനിക്കുന്നതുപോലെ അസ്വസ്ഥതകളുടെയും പ്രയാസങ്ങളുടെയും ബുദ്ധിമുട്ടുകളുടെയും ഇടയിൽ നിന്ന് ക്രിസ്തു എനിക്കാരാണ് എന്നതിന് മനോഹരമായ ഉത്തരം സമ്മാനിക്കാൻ സാധിക്കണം.

ഒരുവനെ കുറിച്ചുള്ള വ്യക്തിപരമായ അറിവാണ് അവയ്‌ക്കുവേണ്ടി ജീവിക്കാൻ നമ്മളെ പ്രേരിപ്പിക്കുന്നത്. ദൈവപുത്രനായ ക്രിസ്തുവിനെ അറിഞ്ഞ് അനുഭവിച്ച പത്രോസ് ക്രിസ്തുവിന് വേണ്ടി തല കീഴായി കുരിശിൽ കയറി.

"ഞാൻ എന്റെ കുടുംബത്തിന് സമൂഹത്തിന് ഭാര്യയ്ക്ക് മക്കൾക്ക് മാതാപിതാക്കൾക്ക് പ്രിയപ്പെട്ടവർക്ക് ആരാണ്?" എന്നു നമുക്ക് ചോദിക്കാനുള്ള ആഹ്വാനവും ഈ വചന വരികൾക്കിടയിലുണ്ട്. ക്രിസ്തുവിന്റെ ചെയ്തികൾ എന്റെ ജീവിതത്തിലുണ്ടെങ്കിൽ മാത്രമാണ് പത്രോസിൽ നിന്ന് ക്രിസ്തുവിന് ലഭിച്ചതുപോലെയുള്ള ഒരു സാക്ഷ്യം നമുക്ക് ലഭിക്കുകയൊള്ളു. മദർ തെരേസയെക്കുറിച്ച് കേട്ടിട്ടുള്ളതിൽ വച്ച് ഏറ്റവും മനോഹരമായ സംഭവങ്ങളിലൊന്ന് ഇപ്രകാരമാണ്.

ഒരിക്കൽ മദർ തെരേസ കൽക്കത്തയുടെ തെരുവീഥിയിലൂടെ നടന്ന് പാവങ്ങൾക്ക് അന്നവും സമ്മാനിച്ച് തിരിച്ച് പോരുമ്പോഴാണ് വഴിയരികിൽ ഒരു കടതിണ്ണയുടെ അരികിലിരുന്ന് അമ്മയെ വിളിച്ച് കരയുന്ന ഒരു കുഞ്ഞിനെ ശ്രദ്ധയിൽ പെട്ടത്. മദർ തെരേസ ആ കുഞ്ഞിന്റെ അടുത്തെത്തി വാരിയെടുത്ത് വയറ് നിറച്ച് അന്നവും ഊട്ടി തിരിച്ച് പോരാൻ തുടങ്ങുമ്പോൾ ആ കുഞ്ഞ് ചോദിക്കുകയാണ്, "അമ്മയാണോ ദൈവമെന്ന്?" മദർ തെരേസ ആ കുഞ്ഞിനോട് തിരിച്ച് ചോദിച്ചു "അതെന്താ, ഇങ്ങനെ ചോദിച്ചത്?" കുഞ്ഞ് മറുപടി പറഞ്ഞു, "വിശക്കുമ്പോൾ ഊട്ടാൻ അന്നവുമായി വരുന്ന വ്യക്തി ദൈവമായിരിക്കുമെന്ന്." ഇത്രയും പറഞ്ഞ് മദറിനെ കെട്ടിപിടിക്കുകയാണ് ആ കുഞ്ഞ്.

"കൈകൾ വാങ്ങാൻ മാത്രമല്ല കൊടുക്കാനും വേണ്ടിയാണ്." ഈ ബോദ്ധ്യത്തിൽ ജീവിക്കുന്നവന്റെ മുമ്പിൽ സ്വർഗ്ഗം കൊട്ടിയടക്കുകയില്ല.